## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4415 17.05.2017ൽ മറുപടി നൽകേണ്ടത്.

മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന എത്ര സ്കൂളുകളാണ് സർക്കാർ നേരിട്ട് നടത്തിവരുന്നത്; എത്ര സ്കൂളുകൾ സന്നദ്ധ സംഘനടകളോ മറ്റ് തരത്തിലോ നടത്തുന്നുണ്ട്.; | (എ) | പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ്, പാങ്ങാപ്പാറ എന്ന സ്വയംഭരണ സ്ഥാപനം ഒഴികെ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി സർക്കാർ നേരിട്ട് സ്കൂളുകൾ നടത്തുന്നില്ല. സന്നദ്ധ സംഘടനകൾ നടത്തുന്ന സ്കൂളുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന ബഡ്സ് സ്കൂളുകൾ എന്നിവ ഉൾപ്പെടെ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ച 311 സ്ഥാപനങ്ങൾ നിലവിലുണ്ട്. |
| (ബി) | ഈ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന അദ്ധ്യപാകർക്ക് നൽകി വരുന്ന വേതനം/ഓണറേറിയം വളരെ തുച്ഛമാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് വർദ്ധിപ്പിച്ച ലഭിക്കുന്നതിനായി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; | (ബി) | സർക്കാർ ഈ അദ്ധ്യാപകർക്ക് വേതനം നിശ്ചയിച്ച് നൽകിയിട്ടില്ല. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിവരുന്ന സാമ്പത്തിക സഹായത്തിൽ നിന്നും ഒരു വിഹിതം ഓണറേറിയം നൽകുന്നതിനായി വിനിയോഗിക്കുന്നു. സാമ്പത്തിക സഹായം വർദ്ധിപ്പിക്കുന്നതിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. |
| (സി) | മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന അദ്ധ്യാപകർക്ക് അർഹമായ പരിഗണന നൽകുന്നതിനും ന്യായമായ വേതനം നൽകുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) | സർക്കാരിന്റെ സാമ്പത്തിക നില അനുസരിച്ച് പ്രസ്തുത വിഭാഗം സ്കൂളിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും അർഹമായ പരിഗണനയും സാമ്പത്തിക സഹായവും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.